നൽകുവാൻ സാധിക്കുന്നില്ല. ഇതിന് പരിഹാരം എന്ന നിലയിൽ പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത രീതിയിൽ വിവിധ വകുപ്പുകളുടെ അംഗീകാരത്തോടെ കൂടുതൽ മണൽ സംഭരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

(ഇ) സംസ്ഥാനത്ത് കലവറകൾ ആരംഭിക്കാത്ത ജില്ലകളിലും പ്രധാനപ്പെട്ട താലൂക്ക് ആസ്ഥാനങ്ങളിലും കലവറകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കലവറകൾക്ക് പൊതുജനങ്ങൾക്കിടയിൽനിന്നും ലഭിച്ച സ്വീകാര്യതയുടെ വെളിച്ചത്തിൽ കെട്ടിടനിർമ്മാണത്തിനാവശ്യമായ എല്ലാ സാധന സാമഗ്രികളും ലഭ്യമാകുന്ന കലവറകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

പൊതുമരാമത്ത് ജോലികൾ നിർവ്വഹിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ നടപടി

10 (*460) ശ്രീ. എം. ഹംസ :
ശ്രീ. സാജു പോൾ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് ജോലികൾ നിർവ്വഹിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) റോഡ്, പാലം, കെട്ടിടം മുതലായവ നിർമ്മിക്കുന്ന കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ വിശദവിവരം അറിയിക്കുമോ ;

(സി) പ്രസ്തുത ഏജൻസികൾ പ്രതിവർഷം ഭരണ നടപടികൾക്ക് ചെലവഴിക്കുന്ന തുക എത്രയാണ് ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ ഇവർക്കുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; ജീവനക്കാർ എത്രയാണ് എന്ന് അറിയിക്കുമോ ;

(ഇ) വിവിധ സ്ഥാപനങ്ങൾ ഈ വർഷം പൂർത്തിയാക്കിയതും നിർമ്മാണം നടത്തിവരുന്നതുമായ പ്രധാന പദ്ധതികൾ എന്തൊക്കെയാണ് ; വിശദവിവരം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ & ബി) ഉണ്ട്. ദേശീയപാതാ വികസന പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ വകുപ്പും നാഷണൽ ഹൈവേ അതോറിറ്റിയുമാണ്. കെ.എസ്.റ്റി.പി. കേരള റോഡ് ഫണ്ട് ബോർഡ്, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖാന്തിരവും പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇവയുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്.

(സി) 2009-10 വർഷത്തിൽ വകയിരുത്തിയ തുക

ഏജൻസി		തുക
കേരള റോഡ് ഫണ്ട് ബോർഡ്	-	47,73,810 രൂപ
ആർ.ബി.ഡി.സി.കെ.	-	127 ലക്ഷം രൂപ
കെ.എസ്.റ്റി.പി.	-	5 കോടി രൂപ
കെ.എസ്.സി.സി.	-	253.71 ലക്ഷം രൂപ

കേന്ദ്ര സർക്കാർ മന്ത്രാലയവും നാഷണൽ ഹൈവേ അതോറിറ്റിയും ഭരണ നടപടികൾക്ക് ചിലവഴിക്കുന്ന തുക ലഭ്യമല്ല.

(ഡി) കേരള റോഡ് ഫണ്ട് ബോർഡിൽ 14 ജീവനക്കാരും ആർ.ബി.ഡി.സി.കെ.-യിൽ 33 ജീവനക്കാരും കെ.എസ്.റ്റി.പി.യിൽ 122 ജീവനക്കാരും കെ.എസ്.സി.സി.-യിൽ 152 ജീവനക്കാരും നിലവിലുണ്ട്.

(ഇ) തിരുവനന്തപുരം നഗര വികസന പദ്ധതി കേരള റോഡ് ഫണ്ട് ബോർഡാണ് ഏറ്റെടുത്തു നടത്തുന്നത്. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം നടന്നുവരുന്നു. വിശദവിവരം അനുബന്ധം -എ ആയി ചേർത്തിരിക്കുന്നു. കെ.എസ്.റ്റി.പി. മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം-ബി ആയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം -സി ആയും ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly